LIBRARY ARCHIVES Kerala Legislative Assembly

**മിഷൻ 676-ൽ ഉൾപ്പെടുത്തിയ പഞ്ചായത്ത് വകുപ്പ് പദ്ധതികൾ**

378 (1822) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പഞ്ചായത്ത് വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഇവ ഓരോന്നിനും എന്ത് തുക വീതം നീക്കിവച്ചിട്ടുണ്ട്; ഇത് ബഡ്ജറ്റിൽ നീക്കിവച്ചതിന് പുറമെയാണോ ;

(സി) ഇവയിൽ പൂർത്തിയാക്കിയവ ഏതെല്ലാം; പണി ആരംഭിച്ചത് ഏതെല്ലാം; പണി ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാം ?

ഉത്തരം

(എ) 1. എല്ലാവർക്കും വീട്

2. പാട്ടകൃഷി

3. ക്ഷേമപെൻഷനുകൾ

4. ഖരമാലിന്യ സംസ്കരണ യൂണിറ്റ്

5. അറവുശാലകൾ

6. മാതൃക ശ്മശാനം ക്രിമറ്റോറിയം

7. നീന്തൽ പരിശീലനം, അഗ്നിശമന പ്രവർത്തന പരിശീലനം

(ബി) തുക നീക്കി വയ്ക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇ.എം.എസ്. ഭവന പദ്ധതിയിൽ 8045 വീടുകൾ പൂർത്തീകരിച്ചു. അറവ്ശാലകൾ പണി ആരംഭിച്ചിട്ടുണ്ട്. മറ്റു പദ്ധതികൾ പ്രാരംഭദശയിലാണ്.

**കോഴിക്കോട് ജില്ലയിലെ CDS-കളുടെ പ്രവർത്തനം**

379 (1823) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കോഴിക്കോട് ജില്ലയിൽ CDS-കളുടെ ദൈനംദിന ചെലവിനുള്ള ഭരണ നിർവ്വഹണ ഗ്രാന്റും, CDS അക്കൗണ്ടന്റുമാരുടെ ശമ്പളവും മാസങ്ങളായി മുടങ്ങി കിടക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ദേശസാൽകൃത-സഹകരണ ബാങ്കുകളിൽ നിന്നും ലിങ്കേജ് വായ്പ എടുത്ത അയൽക്കൂട്ടങ്ങൾക്ക്, വായ്പയ്ക്ക് നൽകുന്ന പലിശ, സബ്സിഡി, മാച്ചിംഗ് ഗ്രാന്റ് എന്നിവയിൽ എത്ര രൂപ കുടിശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ ജില്ലയിൽ എത്ര അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ മൂന്നു വർഷക്കാലയളവിൽ, കുടുംബശ്രീ ജില്ലാ മിഷൻ കോഴിക്കോട് ജില്ലയിൽ എത്ര പൊതുപരിപാടി സംഘടിപ്പിച്ചുവെന്നും അതിന് എത്ര രൂപ ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ സി.ഡി.എസുകളുടെ ദൈനംദിന ചെലവിനുള്ള ഭരണ നിർവ്വഹണ ഗ്രാന്റ് 2014 ജൂൺ മാസം വരെ നൽകിയിട്ടുണ്ട്. വിവിധ സി.ഡി.എസുകൾ സമർപ്പിച്ച ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് അപാകതയുള്ളവ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാമിഷനിൽ തീർപ്പാകാതെ കിടക്കുന്ന എല്ലാ തപാലുകളും ഫയലുകളും അടിയന്തരമായി തീർപ്പാക്കുന്നതിലേക്ക് 2014 ഡിസംബർ 10 മുതൽ 18 വരെ ഫയൽ തീർപ്പാക്കൽ അദാലത്ത് നടത്തുന്നതിന് നടപടി എടുക്കുകയും ഇതിന്റെ ഭാഗമായി മുഴുവൻ സി.ഡി.എസുകളിൽ നിന്നും തീർപ്പാക്കാനുള്ള ഫയലുകളുടെ വിവരങ്ങൾ ശേഖരിച്ച് തുടർനടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ ശമ്പളം 2014 സെപ്തംബർ വരെയുള്ളത് നൽകിയിട്ടുള്ളതാണ്. ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള മൂന്നാം ക്വാർട്ടർ വിതരണം ചെയ്യുന്നതിലേക്കായി ലഭ്യമായ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധിച്ചുവരികയും ഫയൽ തീർപ്പാക്കൽ അദാലത്തിൽ ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

(ബി) മാച്ചിംഗ് ഗ്രാന്റ് കുടിശ്ശികയായി 1,07,11,107 രൂപയും, പലിശ സബ്സിഡി കുടിശ്ശികയായി 64,33,367 രൂപയും നൽകുവാനുണ്ട്.

(സി) മാച്ചിംഗ് ഗ്രാന്റിൽ 2706 അപേക്ഷകളും, പലിശ സബ്സിഡി ഇനത്തിൽ 1612 അപേക്ഷകളും തീർപ്പാക്കാനുണ്ട്.

(ഡി) കുടുംബശ്രീ 15-ാം സംസ്ഥാന വാർഷികത്തിന്റെ ഭാഗ്യ വിപണനമേള, പൊതുസമ്മേളനം എന്നിവ ഉൾപ്പെടെ ആകെ 14 പൊതുപരിപാടികൾ സംഘടിപ്പിക്കുകയും ഈ ഇനങ്ങളിലായി 1,14,47,859 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly